(സി) അവയെ അനധികൃത നിർമ്മാണമായാണോ പരിഗണിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) അത്തരം നിർമ്മിതികൾക്ക് ഇളവനുവദിക്കാറുണ്ടോ ; എങ്കിൽ അതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ ;

(ഇ) ഇളവനുവദിക്കാവുന്നവയ്ക്ക് നമ്പർ നൽകുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 എ വകുപ്പ്, 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 220 (ബി) വകുപ്പ് എന്നിവ പ്രകാരം ദേശീയ പാതയോടോ, സംസ്ഥാന പാതയോടൊ ജില്ലാ റോഡുകളോടൊ നോട്ടി ഫൈഡ് റോഡുകളോടോ ചേർന്ന് കിടക്കുന്ന ഭൂമിയിൽ, റോഡ് അതിരിൽ നിന്ന് കുറഞ്ഞത് 3 മീറ്റർ ദൂരപരിധി ചുറ്റുമതിലല്ലാത്ത നിർമ്മാണങ്ങൾക്ക് ഉണ്ടായിരിക്കേണ്ടതാണ്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25, 26 എന്നിവയിൽ വിവിധ റോഡുകളിൽനിന്നും കെട്ടിടങ്ങൾക്ക് പൊതുവേ ഉണ്ടായിരിക്കേണ്ട കുറഞ്ഞ ദൂരപരിധി പ്രതിപാദിക്കുന്നുണ്ട്. കൂടാതെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വിവിധ വിനിയോഗങ്ങൾക്കും വിവിധ തരം നിർമ്മാണങ്ങൾക്കും നിഷ്ക്കർഷിച്ചിട്ടുള്ള സെറ്റ്ബാക്ക്/ദൂരപരിധി നിബന്ധനകളും നഗരാസൂത്രണ പദ്ധതികൾ ഉള്ളപക്ഷം അവയിലെ വ്യവസ്ഥകളും കെട്ടിട നിർമ്മാണങ്ങൾക്ക് പാലിച്ചിരിക്കേണ്ടതാണ്.

(ബി) ശേഖരിച്ചിട്ടില്ല.

(സി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും നഗരാസൂത്രണ പദ്ധതികളിലേയും ദൂരപരിധി വ്യവസ്ഥകൾ പാലിക്കാതെ നിർമ്മിച്ച വീടുകളും കെട്ടിടങ്ങളും അനധികൃത നിർമ്മാണങ്ങളായാണ് പരിഗണിക്കുന്നത്.

(ഡി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അംഗീകൃത നഗരാസൂത്രണ പദ്ധതികൾ എന്നിവയിലെ വ്യവസ്ഥകളിൽനിന്നും ഇളവ് അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥകളില്ല.

(ഇ) ബാധകമല്ല.

മേഴ്സി കോളേജിന് എതിർവശം കെട്ടിട നിർമ്മാണത്തിന് ശ്രമം നടത്തുന്നു എന്ന പരാതി

161 (4785) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നഗരത്തിൽ മേഴ്സി കോളേജിന് എതിർവശം അയോദ്ധ്യ നഗർ കോളനിയിലെ ചിൽഡ്രൻസ് പാർക്ക് ഏരിയായിൽ ഒരു വ്യക്തി കെട്ടിട നിർമ്മാണത്തിന് ശ്രമം നടത്തുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലക്കാട് ഡെവലപ്പ്മെന്റ് അതോറിറ്റി അംഗീകരിച്ച കോളനിയുടെ പ്ളാനിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പരാതിയുടെ അടിസ്ഥാനത്തിൽ ടി വ്യക്തിക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നൽകിയിട്ടുള്ളത്. എന്നറിയിക്കുമോ ;

(ഡി) സ്റ്റോപ്പ് മെമ്മോ പിൻവലിച്ചിട്ടുണ്ടോ ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് പിൻവലിച്ചത് എന്നും എന്നാണ് പിൻവലിച്ചിട്ടുള്ളത് എന്നും അറിയിക്കുമോ ;

(ഇ) കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് പിൻവലിച്ചിട്ടുള്ളത് എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത സ്ഥലം ടി വ്യക്തിയുടേതാണ് എന്നതിന് വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ജി) പാലക്കാട് ഡെവലപ്മെന്റ് അതോറിറ്റി അംഗീകരിച്ച പ്ളാനും മറ്റ് രേഖകളും ശരിയായ വിധം പരിശോധിക്കാതെയാണ് അനുമതി നൽകിയിട്ടുള്ളത് എങ്കിൽ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുമോ ;

(എച്ച്) ഈ വിഷയത്തിൽ ഹിയറിംഗ് നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ മിനിട്സ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പകർപ്പ് ലഭ്യമല്ല.

(സി) 29-3-2010-ന് കക്ഷിക്ക് സ്റ്റോപ്പ്മെമ്മോ നൽകിയെങ്കിലും കക്ഷി അത് കൈപ്പറ്റിയില്ല. തുടർന്ന് 12-4-2010-ന് സ്റ്റോപ്പ്മെമ്മോ രജിസ്റ്റേർഡ് തപാലായി അയച്ചു.

(ഡി) ഉണ്ട്. കക്ഷി സമർപ്പിച്ചിട്ടുള്ള ആധാരത്തിന്റെ അടിസ്ഥാനത്തിൽ 25-6-2010-ൽ.

(ഇ) 1-6-2010-ലെ കോടതി വിധി അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(എഫ്) ഹാജരാക്കിയിട്ടുണ്ട്. ആധാരത്തിന്റെ പകർപ്പ് അനുബന്ധം2 ആയി ചേർത്തിരിക്കുന്നു.*

(ജി) ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് പാലക്കാട് മുനിസിപ്പാലിറ്റി അനുമതി നൽകിയിട്ടുള്ളത്.

(എച്ച്) ഉണ്ട്. 21-6-2010-ൽ ശ്രീ. അനിൽകുമാർ പാലക്കാട് നഗരസഭാ സെക്രട്ടറിക്ക് നൽകിയ മൊഴിയുടെ പകർപ്പ് അനുബന്ധം * 3 ആയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി വൽസാ ജോസിനുവേണ്ടി ശ്രീ. ജോസ് മോനാച്ചേരി നൽകിയ മൊഴിയുടെ പകർപ്പ് അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു. *

പാലക്കാട് നഗരത്തിന്റെ നിലവിലുള്ള മാസ്റ്റർ പ്ലാൻ

162 (4786) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് നഗരത്തിന്റെ നിലവിലുള്ള മാസ്റ്റർപ്ലാൻ ഏതു വർഷം മുതലാണ് പ്രാബല്യത്തിൽ വന്നത് എന്നറിയിക്കുമോ ;

(ബി) മാസ്റ്റർ പ്ലാൻ പുതുക്കാത്തുതുമൂലം പല നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മാസ്റ്റർ പ്ലാനിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ ഇളവുകളാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ഇ) വീട് വയ്ക്കുന്നതിനായി നികത്തിയ കൃഷിഭൂമി വാങ്ങിയവർക്കായി പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകുമോ ;

(എഫ്) മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ ;

(ജി) മാസ്റ്റർ പ്ലാൻ പുതുക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പാലക്കാട് മാസ്റ്റർ പ്ലാൻ 1986-ലാണ് പ്രാബല്യത്തിൽ വന്നത്. ഈ മാസ്റ്റർ പ്ലാനിന്റെ പുതുക്കിയ മേഖലാ ചട്ടങ്ങൾ 2009 നവംബർ 11-ന് പ്രാബല്യത്തിൽ വന്നു.

(ബി) മാസ്റ്റർ പ്ലാൻ പുതുക്കാത്തതുമൂലം പല നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പരിഷ്ക്കരിക്കുകയും 2009 നവംബർ 11-ലെ ഉത്തരവു പ്രകാരം പുതുക്കിയ മേഖലാ ചട്ടങ്ങൾ പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly